2255

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – തൃശ്ശൂർ ജില്ലയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം - പെൻഡിംഗ് അപ്പീലുകൾ തീർപ്പാക്കുന്നതിന് എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ 1500/- രൂപാ നിരക്കിൽ ശമ്പളം നൽകുന്നതിനുള്ളതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **1430/2019/റവ.** തിരുവനന്തപുരം, തീയതി, 04.06.2019.

==========================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 551/2019/റവ., തീയതി, 16.02.2019.

2. 28.03.2019-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ കെ.3-704/2018 നമ്പർ കത്ത്.

## ഉത്തരവ്

2018 പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പെൻഡിംഗ് അപ്പീലുകൾ തീർപ്പ് ആക്കുന്നതിന് കരാർ വ്യവസ്ഥയിൽ നിയോഗിക്കുന്ന എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ (Rs. 1500/- per day) പരമാവധി ഒരു മാസത്തേക്ക് ശമ്പളം നൽകുന്നതിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായി.

2. ആയതു പ്രകാരം തൃശ്ശൂർ ജില്ലയിൽ 9 പാനലുകളിലായി 18 റിട്ടയേർഡ് എഞ്ചിനീയർമാരെ ഒരു മാസത്തേക്കും 10 എഞ്ചിനീയർമാരെ 15 ദിവസത്തേക്കും നിയമിച്ചതുമായി ബന്ധപ്പെട്ട് ടി എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ 1500/- രൂപ നിരക്കിൽ ആകെ വേതനമായ 10,35,000/- രൂപ (പത്തുലക്ഷത്തി മുപ്പത്തിഅയ്യായിരം രൂപ മാത്രം) അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാകളക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചു.

3. മേൽ സാഹചര്യത്തിൽ 9 പാനലുകളിലായി 18 റിട്ടയേർഡ് എഞ്ചിനീയർമാരെ ഒരു മാസത്തേക്കും 10 എഞ്ചിനീയർമാരെ 15 ദിവസത്തേക്കും നിയമിച്ചതുമായി ബന്ധപ്പെട്ട് ടി എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ 1500/- രൂപ നിരക്കിൽ 18 റിട്ടയേർഡ് എഞ്ചിനീയർമാർക്ക് 30 ദിവസത്തേക്കും 10 എഞ്ചിനീയർമാർക്ക് 15 ദിവസത്തേക്കും കൂടി ആകെ വേതനമായ 10,35,000/- രൂപ (പത്തുലക്ഷത്തി മുപ്പത്തിഅയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 10,35,000/- രൂപ (പത്തുലക്ഷത്തി മുപ്പത്തിഅയ്യായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ

-9256



ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.